6. വ്യാജമദ്യവിപണനം തടയുന്നതിനായി സാമൂഹ്യപ്രവർത്തകരും ജനപ്രതിനിധികളും അടങ്ങുന്ന ബ്ലോക്ക് ജില്ലാതലസമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല സമിതിയും നിലവിലുണ്ട്.

7. മദ്യവർജ്ജന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ മദ്യവിപത്തിനെതിരെ പ്രചരണം നടത്തുന്നുണ്ട്. അവരെ സഹായിക്കുന്നതിനായി സർക്കാർ ധനസഹായവും നല്കിവരുന്നുണ്ട്. ഇതിനായി സർക്കാർ ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ മദ്യവർജ്ജന പ്രവർത്തനത്തിനായി 14 ലക്ഷം രൂപ വേറെയും വകയിരുത്തിയിട്ടുണ്ട്.

മലയോരങ്ങളിലെ വ്യാജവാറ്റു കേന്ദ്രങ്ങൾ

125 [1104] ശ്രീ. കെ. അച്ചുതൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
" എഴുകോൺ നാരായണൻ:
" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോരങ്ങളിൽ എവിടെയെല്ലാം വ്യാജ വാറ്റുകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓണാഘോഷം മുന്നിൽക്കണ്ട് പ്രസ്തുത കേന്ദ്രങ്ങളിൽ വൻതോതിൽ വ്യാജ വാറ്റ് ആരംഭിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ മലയോരങ്ങളിൽ തെക്കൻ മേഖലയിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ ആനപ്പാറ, ആര്യനാട് കല്ലാർ, ഈഞ്ചപുരി, കോട്ടൂർ എന്നിവിടങ്ങളിലും നെയ്യാറ്റിൻകര താലൂക്കിലെ അമ്പൂരി, കൊടിതൂക്കി, കള്ളിക്കാട് എന്നിവിടങ്ങളിലും കൊല്ലം ജില്ലയിൽ പത്തനാപുരം അഞ്ചൽ റേഞ്ചിലെ മലയോര പ്രദേശങ്ങളിലും പത്തനംതിട്ട ജില്ലയിലെ കോന്നി, കടപ്പുഴ, കൊക്കാത്തോട്, തണ്ണിത്തോട്, തേക്കത്തോട്, റാന്നി, അട്ടത്തോട്, അങ്ങാടി, നാറാണക്കുഴി എന്നിവിടങ്ങളിലും കോട്ടയം ജില്ലയിലെ കുഴിമാവ്, കോരുത്തോട്, പമ്പാവാലി, മുലക്കയം, പൂവഞ്ചൽ, എയ്ഞ്ചൽ വാലി എന്നിവിടങ്ങളിലും മധ്യമേഖലയിൽ തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, ചാലക്കുടി, ഇരിഞ്ഞാലക്കുട എന്നീ റേഞ്ചുകളിലെ മലയോര പ്രദേശങ്ങളിലും, എറണാകുളം ജില്ലയിലെ അങ്കമാലി റേഞ്ചിൽപ്പെട്ട ഏഴാലമുഖം, പാലിശ്ശേരി, അയ്യമ്പുഴ, കോതമംഗലം റേഞ്ചിൽപ്പെട്ട ഭൂതത്താൻകെട്ട്, കുട്ടമ്പുഴ, നേര്യമംഗലം പെരുമ്പാവൂർ

LIBRARY ARCHIVES Kerala Legislative Assembly

റേഞ്ചിലെ പാണിയേലിൽ, കോമ്പതാട് എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ മൂന്നാർ, ഉടുമ്പൻചോല, കട്ടപ്പന, ദേവികുളം, ഇടുക്കി, പാലക്കാട് ജില്ലയിലെ അഗളി, മലമ്പുഴ, കല്ലിക്കോട്, നെല്ലിയാമ്പതി, മംഗലം ഡാം, മുണ്ടൂർ എന്നീ പ്രദേശങ്ങളിലും ഉത്തരമേഖലയിൽ കോഴിക്കോട് ജില്ലയിലെ കണ്ണാടിപൊയിൽ, പുവൻമല എന്നിവിടങ്ങളിലും, വയനാട് ജില്ലയിലെ നീലിമല, കാടാശ്ശേരി, ചുരൽമല, മീൻമുട്ടി, എന്നിവിടങ്ങളിലും കാസർകോട് ജില്ലയിലെ ബന്തടുക്ക, ദേലംപാറ, മാലൂർ, കുന്തറ, അടൂർ, ചാമക്കൊച്ചി എന്നീ പ്രദേശങ്ങളിലും വ്യാജവാറ്റു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അറിയാൻ കഴിഞ്ഞിട്ടില്ല.

എക്സൈസ് റേഞ്ച് ഓഫീസുകൾ

126 [1105] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ എക്സൈസ് ഡിവിഷനു കീഴിലും എത്ര റേഞ്ച് ഓഫീസുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര റേഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത മദ്യ ഉല്പാദനവും വില്പനയും തടയുന്നതിനു കൂടുതൽ എക്സൈസ് റേഞ്ച് ഓഫീസുകൾ തുറക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ ആലപ്പുഴ, കൊല്ലം, കോട്ടയം ഡിവിഷനുകളിൽ എത്ര റേഞ്ച് ഓഫീസുകൾ എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഒന്ന്.

(സി) തൽക്കാലം ഉദ്ദേശ്യമില്ല.

(ഡി) വ്യജനിയന്ത്രണം നിലവിൽ ഉള്ളതുകൊണ്ടും തസ്തിക സൃഷ്ടിക്കൽ നിയന്ത്രണം തുടരുന്നതുകൊണ്ടും.

(ഇ) ബാധകമല്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly